**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 534** **13-01-2021 - ൽ മറുപടിയ്ക്ക്**

**എം.എസ്.ഐ.ഇ. സംരംഭങ്ങൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എം . വിൻസെൻറ് ,<br>ശ്രീ. കെ. എസ്. ശബരീനാഥൻ,<br>ശ്രീ. റോജി എം. ജോൺ | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് മൂലം സംസ്ഥാനത്തെ എം.എസ്.ഐ.ഇ. സംരംഭങ്ങൾ ഗുരുതരമായ പ്രതിസന്ധി അഭിമുഖീകരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രതിസന്ധിയെ നേരിടുവാൻ സംസ്ഥാനസർക്കാർ വ്യവസായഭദ്രത സഹായ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിലൂടെ ഇതിനകം നൽകിയ സാമ്പത്തികസഹായം സംബന്ധിച്ച വിശദാംശം നൽകുമോ; | (സി) | വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെട്ട പലിശ ഇളവ് പദ്ധതി, സംരംഭക സഹായ പദ്ധതിയിൽ നിലവിലുള്ള ആനുകൂല്യങ്ങൾക്ക് പുറമെ അധിക സഹായം നൽകുന്ന ഭേദഗതി എന്നീ പദ്ധതികളാണ് വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്നത്. പലിശ ഇളവ് പദ്ധതിയിൽ നിലവിലെ കണക്ക് പ്രകാരം ഇത് വരെ ആകെ 1,72,36,942 രൂപയുടെ പലിശ ഇളവിനായുള്ള 454അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 37.65 കോടി രൂപ സർക്കാർ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. സംരംഭക സഹായ പദ്ധതിയിൽ പുതിയ ഉത്തരവ് പ്രകാരം നിലവിലുള്ള പ്രത്യേക കാറ്റഗറിയിൽ NRK കൂടി ഉൾപ്പെടുത്തുകയും സബ്സിഡി 20 % എന്നതിൽ നിന്നും 25% എന്ന് വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം Pharmaceutical industries and health care products manufacturing industries എന്ന മേഖലയെ priority sector ൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഇതു കൂടാതെ വ്യവസായ ഭദ്രതാ സഹായ പാക്കേജ് വഴി കെ.എസ്.ഐ.ഡി.സി -യിൽ നിന്നും കൊടുത്തിട്ടുള്ള ലോണുകളുടെ പിഴപ്പലിശ 2020 മാർച്ച് 1 മുതൽ 2021 മാർച്ച് 31 |

| | | | |
|---|---|---|---|
| | | | വരെ പൂർണമായും ഒഴിവാക്കുകയും മുതലിന്റെയും പലിശയുടെയും തിരിച്ചടവിന് ആറു മാസം സാവകാശം നൽകുകയും ചെയ്തു.<br>കെ.എസ്.ഐ.ഡി.സി- യുടെ നിലവിലുള്ള സ്റ്റാൻഡേർഡ് ആയ 18 സ്ഥാപനങ്ങൾക്ക് 2424.50 ലക്ഷം രൂപ അധികമായി അനുവദിക്കുകയും ചെയ്തു. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും ഇതിനകം എന്തൊക്കെ സാമ്പത്തികസഹായമാണ് ലഭിച്ചത് എന്ന് അറിയിക്കുമോ? | (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ